"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ.ജോഷി ഫയൽ ചെയ്ത 692/2023 നമ്പർ റിട്ട് അപ്പീലിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്

G.O.(Rt)No.1443/2023/LSGD തീയതി,തിരുവനന്തപുരം, 14-07-2023

---

പരാമർശം:-

1. ശ്രീ.ജോഷി ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 7638/2023-ൽ 14/03/2023 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. ശ്രീ.ജോഷി ഫയൽ ചെയ്ത റിട്ട് അപ്പീൽ നം. 692/2023-ൽ 03/04/2023-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. ശ്രീ.ജോഷി 20/04/2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
4. മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/05/2023 തീയതിയിലെ JC1/6218/23 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മാള ഗ്രാമപഞ്ചായത്ത് 14-ാം വാർഡ് മെമ്പർ ശ്രീ.ജോഷി കാഞ്ഞൂത്തറ പഞ്ചായത്തിന്റെ അനുവാദമില്ലാതെ 31/10/2022-നു ശേഷം മൂന്ന് മാസക്കാലയളവിൽ ( 11/2022, 12/2022, 01/2023 ) പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിൽ ഹാജരാകാതിരുന്നതിന്റെ അടിസ്ഥാനത്തിൽ 10/02/2023-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയോഗം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 35 (കെ) പ്രകാരം ടിയാനെ അയോഗ്യനായി തീരുമാനിക്കുകയും ചട്ടം അനുശാസിക്കും പ്രകാരം 13/02/2023-ൽ ഇക്കാര്യം അറിയിക്കുകയും ചെയ്തു. തുടർന്ന് 23/02/2023 തീയതിയിൽ തന്റെ മെമ്പർ സ്ഥാനം പുനഃസ്ഥാപിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.ജോഷി കാഞ്ഞൂത്തറ സമർപ്പിച്ച അപേക്ഷ, 01/03/2023-ൽ നടന്ന മാള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തരയോഗം പരിഗണിക്കുകയും, തുടർച്ചയായി മൂന്നു മാസം പഞ്ചായത്തിന്റെ അനുവാദമില്ലാതെ പഞ്ചായത്ത് യോഗങ്ങളിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് ചട്ടവിരുദ്ധമായി പ്രവർത്തിച്ച മാള ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡ് മെമ്പർ ആയിരുന്ന ശ്രീ.ജോഷിക്ക് പഞ്ചായത്ത് അംഗം എന്ന നിലയിൽ അയോഗ്യത കല്പിക്കുകയും തൽഫലമായി അംഗത്വം നഷ്ടപ്പെട്ട ടിയാന് അംഗത്വം പുനഃസ്ഥാപിച്ച് നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും വിവരം രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 07/03/2023-ന് ടി വിവരം മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജോഷി കാഞ്ഞൂത്തറയെ രേഖാമൂലം അറിയിക്കുകയുണ്ടായി. ഇതിനെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 7638/2023 നമ്പർ റിട്ട് ഹർജിയിൽ സംസ്ഥാന ഇലക്ഷൻ കമ്മീഷനെ സമീപിക്കുന്നതിന്

നിർദ്ദേശിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) പരാമർശം (1) ലെ ബഹു. ഹൈക്കോടതിവിധിക്കെതിരെ ശ്രീ.ജോഷി 692/2023 നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി നാലാഴ്ച്ചക്കുള്ളിൽ പരാതിക്കാരൻ സർക്കാരിനെ സമീപിക്കുന്നപക്ഷം രണ്ട് മാസങ്ങൾക്കകം സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ച് പ്രസ്തുത റിട്ട് അപ്പീൽ തീർപ്പാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.ശ്രീ.ജോഷി, പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 13/06/2023-ൽ പരാതിക്കാരനെയും, മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

3) ശ്രീ.ജോഷി ,മാള ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലെ പഞ്ചായത്ത് മെമ്പർ സ്ഥാനം നഷ്ടപ്പെട്ടത് തനിക്ക് പുനഃസ്ഥാപിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് , പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരാമർശം (4) റിപ്പോർട്ടിന്റെയും 13/06/2023-ൽ നടത്തിയ ഹിയറിംഗിന്റെയും, കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാളഗ്രാമപഞ്ചായത്ത് 01.03.2023 തീയ്യതിയിൽ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 37(2) പ്രകാരം എടുത്ത തീരുമാനം ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള സാഹചര്യം കാണുന്നില്ല എന്നതിനാൽ പരാമർശം (3)-ലെ ശ്രീ.ജോഷിയുടെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2)-ലെ ബഹു. ഹൈക്കോടതിവിധി ഇപ്രകാരം നടപ്പിലാക്കിക്കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

DEPUTY SECRETARY

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖക്കത്ത് സഹിതം)

ശ്രീ.ജോഷി കാഞ്ഞൂത്തറ, കാഞ്ഞൂത്തറ വീട്, കാവനാട്, മാള.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ [LSGD-EM1/83/2023-LSGD ]

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar d
സെക്ഷൻ ഓഫീസർ
Date: 19-07-2023 12:46:25

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.